**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2040** **02-02-2024 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നതിനായുള്ള പഠനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയ്ക്കുള്ള വിശദമായ പഠന രേഖയും അലൈൻമെന്റ് മാപ്പും തയ്യാറാക്കുന്നതിന് വേണ്ടി ലിഡാർ, ഗൂഗിൾ എർത്ത് എന്നിവ ഉപയോഗിക്കുന്നതിനു പകരം ഭൂവിടങ്ങൾ നേരിട്ട് സന്ദർശിച്ചുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം - കാസർഗോഡ്സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന്റെ ഭാഗമായി കെ.ആർ.ഡി.സി.എൽ വിദഗ്ധരും ജനറൽ കൺസൾട്ടന്റായ സിസ്ട്ര യുടെ വിദഗ്ധരും പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. ടോപ്പോഗ്രാഫിക്കൽ സർവ്വേ (ലിഡാർ) യുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളിൽ സർവ്വേ കൺട്രോൾ പോയിന്റ്സ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഹൈഡ്രോളജിക്കൽ സർവ്വേ, ട്രാഫിക്ക് സർവ്വേ, ജിയോടെക്നിക്കൽ സർവ്വേ, ദ്രുത പാരിസ്ഥിക ആഘാത പഠനം എന്നീ സർവ്വേകളും നടത്തിയിട്ടുണ്ട്. |
| (ബി) | സിൽവർ ലൈൻ പദ്ധതിയ്ക്കായി ഭൂപ്രകൃതി സർവ്വെ, ഭൂഘടനാപരമായ സർവ്വെ, ഭൂസ്വഭാവ സർവ്വെ, ജല ശാസ്ത്രപരമായ സർവ്വെ, സാമൂഹിക ആഘാത പഠനം, ഗതാഗത സർവ്വെ എന്നീ പഠനങ്ങൾ ഓരോന്നും ഏതെല്ലാം ഏജൻസികളാണ് നടത്തിയതെന്നും ഓരോ പഠനങ്ങൾക്കും എത്ര രൂപ വീതം ചെലവായി എന്നും ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഇവയിൽ ഏതെങ്കിലും പഠനം നടത്തിയിട്ടില്ലെങ്കിൽ അവ ഏതെല്ലാമാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പഠനങ്ങൾ എന്നത്തേയ്ക്ക് നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | മേൽ പറഞ്ഞ പഠനങ്ങളിൽ സാമൂഹികാഘാത പഠനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളതല്ല. പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതിനു ശേഷം സാമൂഹികാഘാത വിലയിരുത്തൽ പഠനത്തിനായുള്ള പുനഃവിജ്ഞാപനം പുറപ്പെടുവിക്കുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. |
| (ഡി) | സിൽവർ ലൈൻ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം നടത്തിയ ഇ. ക്യൂ.എം.എസ്.ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ള ഒറിജിനൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ആയത് ലഭ്യമായിട്ടില്ലെങ്കിൽ കരട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ | (ഡി) | ഇ.ക്യൂ.എം.എസ്.ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കി വരുന്ന പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് അന്തിമമാകുന്ന മുറക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. ആവശ്യമായ പഠനം നടത്തി പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനു |

| | | | |
|---|---|---|---|
| | റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെലവാക്കിയ തുകയുടെ വിശദവിവരം ലഭ്യമാക്കുമോ? | | ഇതുവരെ 40,12,000 രൂപ ഇ. ക്യൂ.എം.എസ് നു നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | പഠനം | ഏജൻസി | ചെലവായ തുക |
|---|---|---|---|
| 1 | ഭൂപ്രകൃതി സർവ്വെ (ടോപ്പോ സർവ്വേ/ലിഡാർ) | M/s Geokno India Pvt. Ltd. | 2,08,93,760.76 |
| 2 | ഭൂഘടനാപരമായ/ഭൂസ്വഭാവ സർവ്വെ (ജിയോടെക്നിക്കൽ & ജിയോ ഗ്രാഫിക്കൽ സർവ്വേ) | M/s Anandaraj Infra Tech Pvt. | 75,91,294.78 |
| | | M/s Sakthi Development Coy | 10,53,980.44 |
| 3 | ജല ശാസ്ത്രപരമായ സർവ്വെ (ഹൈഡ്രോജിക്കൽ സർവ്വേ) | M/s Rites | 64,86,688.23 |
| 4 | സാമൂഹിക ആഘാത പഠനം | • M/s Kerala Voluntary Health Services Kottayam<br>• M/s Rajagiri Outreach, Kalamassery.<br>• M/s Arrow, Ernakulam<br>• M/s Veekay consultancy, Kozhikode | പഠനം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. അതിനാൽ തുക ഒന്നും തന്നെ ചെലവായിട്ടുള്ളതല്ല. |
| 5 | ട്രാഫിക്ക്/ഗതാഗത സർവ്വേ | M/s P K Engineers | 23,75,458.40 |